നടപ്പിലാക്കി വരുന്നത്. ടി തീരദേശ റോഡുകളുടെ നിർമ്മാണം/ പുനരുദ്ധാരണത്തിലൂടെ അവിടത്തെ മത്സ്യത്തൊഴിലാളികളുടെ യാത്രാസൗകര്യം സുഗമമാക്കുകയും തദ്വാര ജീവിത നിലവാരം മെച്ചപ്പെടുത്തുകയുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) എം.എൽ.എ/എം.പി/ മറ്റ് വിവിധ പ്രതിനിധികൾ ശിപാർശ ചെയ്യുന്ന റോഡുകൾക്ക് വകുപ്പ് തലത്തിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകൾക്ക് സർക്കാർ ഭരണാനുമതി നൽകി പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

താനൂർ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം

194 (202) ശ്രീ. അബു റഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണപ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) ഈ പ്രവൃത്തിയുടെ എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ടെന്നും എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ ;

(സി) ഏതെല്ലാം പ്രവൃത്തികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളത് ; വിശദമാക്കാമോ ;

(ഡി) പ്രസ്തുത പ്രവൃത്തികൾക്ക് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇതിന് കേന്ദ്ര വിഹിതമായി എത്ര തുക വകയിരിത്തിയിട്ടുണ്ടെന്നും കൂടുതൽ കേന്ദ്ര വിഹിതം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(എഫ്) പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) താനൂർ ഫിഷിംഗ് ഹാർബറിന്റെ പ്രധാന ഘടകങ്ങളായ രണ്ട് പുലിമുട്ടുകൾ, വാർഫ്, ലേലപ്പുര, റിക്ലമേഷൻ ബണ്ട് എന്നിവ ടെൻഡർ ചെയ്ത് പ്രവൃത്തി ഏർപ്പാടാക്കി പുരോഗമിച്ചുവരുന്നു. ക്രമീകരിച്ച പ്രവൃത്തികളിൽ 850 മീറ്റർ നീളമുള്ള വടക്കെ പുലിമുട്ട് 480 മീറ്റർ നീളത്തിലും, 1050 മീറ്റർ നീളമുള്ള തെക്കെ പുലിമുട്ട് 810 മീറ്റർ നീളത്തിലും, റിക്ലമേഷന് ബണ്ട് 290 മീറ്റർ നീളത്തിലും ഭാഗീകമായി പൂർത്തീകരിച്ചിട്ടുണ്ട്. കടൽക്ഷോഭംമൂലം പ്രവൃത്തി 23-6-2015 മുതൽ താൽക്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്. ടി ഹാർബറിന്റെ ശേഷിക്കുന്ന ഘടകങ്ങൾ മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിനുശേഷം മാത്രമേ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടി പ്രവൃത്തിയുടെ 42% പണി പൂർത്തീകരിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ 12 കോടി വകയിരുത്തിയിട്ടുണ്ട്.

(സി) പുലിമുട്ടുകളുടെ ശേഷിക്കുന്നപ്രവൃത്തി, ഡ്രെഡ്ജിംഗ് ആന്റ് റിക്ലമേഷൻ, റിക്ലമേഷൻ ബണ്ട്, കീവാൾ, ഓക്ഷൻ ഹാൾ, കവേർഡ് ഫിഷ് ലോഡിംഗ് ഏരിയ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ഗിയർ ഷെഡ്, നെറ്റ്മെന്റിംഗ് ഷെഡ്, റോഡ് ആന്റ് പാർക്കിംഗ് ഏരിയ, കാന്റീൻ, ഷോപ്പ് ബിൽഡിംഗ്, ഗേറ്റ് ആന്റ് ഗേറ്റ് ഹൗസ്, റെസ്റ്റ് ഷെഡ്, വർക്ക് ഷോപ്പ്, കൊബൗണ്ട് വാൾ, ടോയിലറ്റ് ബ്ലോക്ക്, വാട്ടർ സപ്ലൈ &ഡിസ്ട്രിബ്യൂഷൻ, ബയോടൈജസ്റ്റർ പ്ലാന്റ് &സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, ഇലക്ട്രിഫിക്കേഷൻ ആന്റ് ലൈറ്റിംഗ്, ടൂർസ്, പ്ലാന്റ്സ് ആന്റ് പ്രോജക്ട് വെഹിക്കിൾ, ഗ്രീൻ ബെൽറ്റ്, നാവിഗേഷൻ എയ്ഡ്സ് എന്നീ പ്രവൃത്തികൾ ഇനി പൂർത്തീകരിക്കാനുണ്ട്.

(ഡി)

ക്രമ നമ്പർ	പ്രവൃത്തിയുടെ തരം	ഭരണാനുമതി തുക
(1)	(2)	(2)
1	നോർത്ത് ബ്രേക്ക് വാട്ടർ	131385001.50
2	സൗത്ത് ബ്രേക്ക് വാട്ടർ	159709000.50
3	ഡ്രെഡ്ജിംഗ് ആന്റ് റിക്ലമേഷൻ	16424850.00
4	റിക്ലമേഷൻ ബണ്ട്	15138999.90
5	കീവാൾ	23228000.40
6	ഓക്ഷൻ ഹാൾ	19458000.00
7	കവേർഡ് ഫിഷ് ലോഡിംഗ് ഏരിയ	5217000.00
8	അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്	2817999.40
9	ഗിയർ ഷെഡ്	2661000.30
10	നെറ്റ്മെന്റിംഗ് ഷെഡ്	2960999.47
11	റോഡ് ആന്റ് പാർക്കിംഗ് ഏരിയ	17232993.00

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
12	കാന്റീൻ	2423000.13
13	ഷോപ്പ് ബിൽഡിംഗ്	2024000.23
14	ഗേറ്റ് ആന്റ് ഗേറ്റ് ഹൗസ്	2556000.14
15	റെസ്റ്റ് ഷെഡ്	2029999.68
16	വർക്ക് ഷോപ്പ്	2596000.32
17	കോമ്പൗണ്ട് വാൾ	3814001.20
18	ടോയിലറ്റ് ബ്ലോക്ക്	1040000.13
19	വാട്ടർ സപ്ലൈ ആന്റ് ഡിസ്ട്രിബ്യൂഷൻ	3112200.00
20	ബയോടൈജസ്റ്റർ പ്ലാന്റ് ആന്റ് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്	6495000.00
21	ഇലക്ട്രിഫിക്കേഷൻ ആന്റ് ലൈറ്റിംഗ്	4026000.00
22	ടൂർസ്, പ്ലാന്റ്സ് ആന്റ് പ്രോജക്ട് വെഹിക്കിൾ	1200000.00
23	ഗ്രീൻ ബെൽറ്റ്	500000.00
24	നാവിഗേഷൻ എയ്ഡ്സ്	250000.00

(ഇ) താനൂർ ഫിഷറി ഹാർബർ നിർമ്മാണം 75 ശതമാനം കേന്ദ്ര സഹായത്തോടുകൂടിയുള്ള പദ്ധതിയാണ്. ഭരണാനുമതി തുകയായ 4487 ലക്ഷം രൂപയുടെ75 ശതമാനം കേന്ദ്ര സഹായമായി ലഭിക്കുന്നതാണ്. പുലിമുട്ടിന്റെ നിർമ്മാണത്തിന്റെ അളവിൽ വർദ്ധനവ് വന്നതിനാലും ക്രമീകരിച്ച പ്രവൃത്തികളിൽ ടെൻഡർ അധികം വന്നതിനാലും ഇനി ക്രമീകരിക്കാനുള്ള പ്രവൃത്തികൾക്ക് പുതുക്കിയ നിരക്ക് (DSR 2014) പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുള്ളതിനാലും നിലവിലെ ഭരണാനുമതി തുകയിൽ നിറുത്തി പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുകയില്ല. ആയതിനാൽ മേൽപദ്ധതിക്കായി ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തി 81172075 രൂപയുള്ള കോംപ്രിഹെൻസീവ് റിപ്പോർട്ട് പുതുക്കിയ ഭരണാനുമതിക്കായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(എഫ്) ഭരണാനുമതി പ്രകാരം ടി പദ്ധതി 20-6-2016-ൽ ആണ് പൂർത്തീകരിക്കേണ്ടത്. കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിരിക്കുന്ന 81172075 രൂപയുള്ള കോംപ്രിഹെൻസീവ് റിപ്പോർട്ട് അംഗീകരിച്ച് പുതുക്കിയ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്കുമാത്രമേ ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ.